സി. എം. എസ്. എൽ. പി. സ്കൂൾ
എറത്തുമ്പമൺ

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-2026

# ആമുഖം

## പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ്. ഓരോ വിദ്യാലയങ്ങളും എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തി തയ്യാറാക്കുന്ന ഈ മാസ്റ്റർപ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# ഏറത്തുമ്പമൺ
## സി.എം.എസ്. എൽ.പി. എസ്

പത്തനംതിട്ട ജില്ലയിലെ പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയിലെ കോഴഞ്ചേരി ഉപജില്ലയിൽ ചെന്നീർക്കര ഗ്രാമപഞ്ചായത്തിൽ ഉന്നക്കൽ എന്ന ഗ്രാമത്തിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഇത് ഒരു എയ്ഡഡ് വിദ്യാലയമാണ്.

1904 ലാണ് ഈ സ്ഥാപനം തുടങ്ങിയത്. വലക്കാവ് ആയിരുന്ന വെള്ളാലിമല ഗവൺമെന്റിൽ നിന്നും ലേലത്തിൽ പിടിച്ച് ചർച്ച് മിഷൻ സൊസൈറ്റി സ്വന്തമാക്കുകയും അവിടെ ഒരു ഷെഡ് വച്ച് ദൈവാരാധന ആരംഭിച്ചതോടൊപ്പം അക്ഷരാഭ്യാസമില്ലാതിരുന്ന ഈ പ്രദേശത്തെ കുട്ടികളെ കൂട്ടി വരുത്തി എഴുത്തും വായനയും പഠിപ്പിച്ചു. അന്ന് തുടങ്ങി വച്ച ഈ സരസ്വതി ക്ഷേത്രം ഇന്നും കെടാവിളക്കായി ശോഭിക്കുന്നു.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : സി. എം. എസ്. എൽ. പി സ്കൂൾ ഏറത്തുമ്പമൺ

സ്കൂൾ കോഡ് : 38430

വിദ്യാഭ്യാസ ജില്ല : പത്തനംതിട്ട

ഉപജില്ല : കോഴഞ്ചേരി

ബി. ആർ. സി : കോഴഞ്ചേരി

സി. ആർ. സി : ഏറത്തുമ്പമൺ

ഗ്രാമപഞ്ചായത്ത് : ചെന്നീർക്കര

ബ്ലോക്ക് പഞ്ചായത്ത് : ഇലന്തൂർ

താലൂക്ക് : കോഴഞ്ചേരി

ഇ - മെയിൽ : cmslpserathumpamon2017@gmail.com

സ്ഥാപന വർഷം : 1904

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കുക
- ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും വിലയിരുത്തുന്നതിനായി ക്ലാസ് PTA മുൻകൂട്ടി തയ്യാറാക്കി കോർണർ PTA എന്നിവ ചേരും.
- കുട്ടികൾക്ക് അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ ലഭ്യമാക്കുക
- ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക
- ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് മാലിന്യങ്ങൾ നിർമ്മാർജ്ജനം എന്നിവ കൃത്യമായി നടപ്പാക്കുക
- കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.

# അക്കാദമിക നേട്ടങ്ങൾ

- പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണാ പ്രവർത്തനങ്ങൾ
- പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്
- കലാപഠനം, പ്രവൃത്തിപരിചയപഠനം, കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.
- കാർഷിക പ്രവൃത്തികൾ ജൈവവൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യുന്നു
- സർഗ്ഗാത്മക വേദികൾ ആശയപ്രകാശന വേദികൾ ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.
- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അദ്ധ്യാപകർ

# മലയാളം

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പ് വരുത്തുക.
- കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക
- സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക
- മികച്ച വായനാശീലം വളർത്തുക.

# ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടു ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക
- ക്ലാസ് തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക
- ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കുക.

## പരിസരപഠനം

- ശാസ്ത്ര പഠനത്തിൽ താത്പര്യം വളർത്തുക
ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക
ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക
- ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

## ഗണിതം

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക
- ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക
- ഗണിത ചിന്ത, യുക്തി ചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

# മലയാളം

## പ്രവർത്തനം I

പേര് : പുസ്തകം എന്റെ ചങ്ങാതി

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി |
| --- | --- | --- |
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ പ്രദർശിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം |

## പ്രവർത്തനം 2

പേര് : എന്റെ പിറന്നാൾ പുസ്തകം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി |
| --- | --- | --- |
| വിപുല വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്ന പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ |

പ്രവർത്തനം 3

പേര് : ഉച്ചഭാഷിണി വായന

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കുന്നതിന് കുട്ടികൾക്ക് കഴിയുന്നു | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ ↓ മാർച്ച് |

പ്രവർത്തനം 4

പേര് : അക്ഷരക്കൂട്ടം ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| വിശാല വായനാശീലം വളർത്തുക. | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ ക്ലാസ് മുറികളിൽ വായനാക്കോണുകൾ ഒരുക്കുന്നു. | ജൂൺ ↓ മാർച്ച് |

പ്രവർത്തനം 5

പേര് : ക്ലാസ് തല കയ്യെഴുത്ത് മാസിക, പതിപ്പുകൾ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ക്ലാസിൽ കയ്യെഴുത്ത് മാസിക പതിപ്പുകൾ ഇവ തയ്യാറാക്കുക. | ജൂൺ ↓ മാർച്ച് |

## പ്രവർത്തനം 6

പേര്: എന്റെ വായനാക്കുറിപ്പുകൾ

മേഖല: ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ. ചെറിയ ക്ലാസിൽ വായനാകാർഡ് | ജൂൺ ↓ മാർച്ച് |

## പ്രവർത്തനം 7

പേര്: രചനോത്സവം

ഉപമേഖല: ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ ↓ മാർച്ച് |

## പ്രവർത്തനം 8

പേര്: സചിത്രപാഠ രൂപീകരണം ഉപമേഖല ആശയ[illegible]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ആശയ വിനിമയ ശേഷി കൈവരിക്കൽ | പഠനപിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ ജൂലൈ |

# ഇംഗ്ലീഷ്

## പ്രവർത്തനം 1

### ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : പോഷക വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾ തന്നെ അസംബ്ലി ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ജൂലൈ – മാർച്ച് |

## പ്രവർത്തനം 2

### ഇംഗ്ലീഷ് ഡയറി

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഇംഗ്ലീഷിൽ എഴുതാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക. | ഓരോ ദിവസത്തെയും വീട്ടിലെയും സ്കൂളിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ 1 ദിവസം ജൂലൈ – മാർച്ച് |

## പ്രവർത്തനം 3

### Reading Card Work Shop

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഇംഗ്ലീഷ് വായിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക. | ചിത്രങ്ങളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമ്മിക്കൽ | ജൂലൈ |

## പ്രവർത്തനം 4

### Work Sheet Work Shop

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| മുഴുവൻ കുട്ടികളെയും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടി കൊടുക്കുക. | ഭിന്ന നിലവാരക്കാരായ കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. | ഓഗസ്റ്റ് മാസം |

# ഗണിതം

## പ്രവർത്തനം 1

### ഗണിത വർക്ക്ഷീറ്റ് ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| പാഠ്യപദ്ധതിയിൽ നിർദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും നേടിയെടുക്കുക | എല്ലാ യൂണിറ്റുകളുമായി ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ യൂണിറ്റ് അവസാനം |

## പ്രവർത്തനം 2

### ഗണിതമൂല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളും ആർജ്ജിക്കുന്നതിന് | ക്ലാസുകളിൽ ഗണിത മൂലകൾ (മഞ്ചാടി, ഈർക്കിൽ കാർഡുകൾ) തുടങ്ങിയവ ക്രമീകരിക്കുക. | ജൂൺ ↓ മാർച്ച് |

## പ്രവർത്തനം 3 ഗണിത മധുരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികളും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്ത് നിർവഹിക്കൽ | ജൂൺ ↓ മാർച്ച് |

# പരിഹാരബോധനം

## പ്രവർത്തനം 1

### ശാസ്ത്ര പഠനോപകരണ ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിലേയും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും |

## പ്രവർത്തനം 2

### എന്റെ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ശാസ്ത്ര പഠനത്തിൽ ര്യം വളർത്തുക. ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിൽ പ്രാധാന്യം മനസ്സിലാക്കുന്നതിൽ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും |

# വിവര സാങ്കേതിക വിദ്യ

## പ്രവർത്തനം 1

### വിവര സാങ്കേതിക വിദ്യാ പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| വിവര സാങ്കേതിക വിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗത്തെ ICT യുമായി ബന്ധപ്പെടുത്തി വീഡിയോകൾ കാണിക്കുക | അതാത് മാസത്തിൽ |

## പ്രവർത്തനം 2

### I.T ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്നതിനുള്ള അവസരം | IT പ്രവർത്തന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു | ജൂൺ ↓ മാർച്ച് |

# സർഗവേദി

പ്രവർത്തനം 1
സർഗവേദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കലാഭിരുചി വളർത്തുക. കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുക. | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തുക | എല്ലാ ആഴ്ചയിലും |

പ്രവർത്തനം 2 ടാലന്റ് ലാബുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കുട്ടികളുടെ കലാവാസനകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക. അത് പൊതുവേദികൾ സോഷ്യൽ മീഡിയകൾ വഴി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുക. | നൃത്തം, സംഗീതം, ചിത്രരചന, ക്രാഫ്റ്റ്, പെയിന്റിങ് തുടങ്ങിയവയിൽ പരിശീലനം ഇത് സോഷ്യൽ മീഡിയയിൽ പ്രദർശിപ്പിക്കാൻ അവസരം ഒരുക്കുന്നു. | ജൂൺ ↓ മാർച്ച് |

# പ്രവൃത്തി പരിചയം

## പ്രവർത്തനം 1

### പേപ്പർ ബാഗ് നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| നിർമ്മാണത്തിലെ കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമ്മാണം, പരിശീലനം | ജൂൺ ↓ മാർച്ച് |

## പ്രവർത്തനം 2

### ഒറിഗാമി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| ഇതര വിഷയവുമായി പ്രവൃത്തി പരിചയത്തെ ബന്ധിപ്പിക്കുക | പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ കുട്ടികളെക്കൊണ്ട് ചെയ്യിപ്പിക്കുക. ഒറിഗാമി പരിശീലനം | ജൂൺ ↓ മാർച്ച് |

# ആരോഗ്യ കായിക വിദ്യാഭ്യാസം

## പ്രവർത്തനം 1

എയറോബിക്സ്, എക്സർസൈസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പു വരുത്തുക. | എയറോബിക്സ്, എക്സർസൈസ് പരിശീലനങ്ങൾ | ജൂൺ ↓ മാർച്ച് |

## പ്രവർത്തനം 2

കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പു വരുത്തുക | ആഴ്ചയിൽ ഒരിക്കൽ എല്ലാ ക്ലാസിനും PT പീരിയഡ് അനുവദിക്കുന്നു. കുട്ടികൾക്ക് കളിക്കാൻ അവസരം നൽകുന്നു. | ജൂൺ ↓ മാർച്ച് |